"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കോന്നി സർക്കാർ തടി ഡിപ്പോയിലെ 27.05.2022-ലെ ഇ-ലേലം- യഥാസമയം വിലയും നികുതികളും അടയ്ക്കാത്തതിനാൽ നീക്കം ചെയ്യാതിരുന്ന തടികൾ- നിയമാനുസൃത വിലയും നികുതികളും, പിഴയും, തറവാടകയും ഒടുക്കി നീക്കം ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.204/2023/F&WLD  തീയതി,തിരുവനന്തപുരം, 26-05-2023

---

പരാമർശം:- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)-ന്റെ 25/3/2023-ലെ പ്രൊ (4) -402282/23 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോന്നി ഡിപ്പോയിൽ **27.03.2022**-ൽ നടന്ന ഇ-ലേലത്തിൽ ശ്രീ. എം.കെ. കൃഷ്ണകുമാർ, ഗോൾഡൻ കീ കൺസ്ട്രക്ഷൻ, ബ്രഹ്മമംഗലം, കോട്ടയം എന്നയാൾ പങ്കെടുത്ത് തടികൾ ലേലം കൊള്ളുകയും ഭാഗിക വിലയായി **2,19,000/-** രൂപ ഒടുക്കുകയും എന്നാൽ ബാക്കി വിലയും നികുതികളും യഥാസമയം ഒടുക്കി തടികൾ നീക്കം ചെയ്യാതിരുന്നതിനാൽ ലേലവ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും, എന്നാൽ ടിയാൾ ആരോഗ്യ സംബന്ധമായ ബുദ്ധിമുട്ടിനെ തുടർന്ന് ചികിത്സയിൽ ആയിരുന്നതിനാൽ ബാക്കി തുകയും നികുതികളും യഥാസമയം ഒടുക്കി തടികൾനീക്കം ചെയ്യാൻ സാധിച്ചില്ലെന്നും, ലേല വ്യവസ്ഥകളെ സംബന്ധിച്ച് പൂർണ്ണമായ അറിവ് ഇല്ലാതിരുന്നതിനാലും കാലാവധി കഴിഞ്ഞത് മാപ്പാക്കി ബാക്കി തുകയും നികുതികളും, നിയമാനുസൃത പിഴയും, തറവാടകയും ഒടുക്കി പ്രസ്തുത തടികൾ നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ലേലക്കാരൻ അപേക്ഷിച്ചിട്ടുള്ളതായും, ടി തടികൾ ഘനമരങ്ങൾ ആയതിനാൽ കാലപ്പഴക്കത്തിൽ കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാലും ടിയാൻ ലേലം കൊണ്ട തുക താരതമ്യേന മികച്ചതായതിനാലും പുനർലേലം ചെയ്താൽ ഇപ്പോൾ ലഭിച്ച വില ലഭിക്കാൻ സാധ്യതയില്ലെന്ന് കോന്നി ഡിപ്പോ ഓഫീസർ അഭിപ്രായപ്പെട്ടതായി പുനലൂർ ടിംബർ സെയിൽസ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുള്ളതിനാലും, നിയമാനുസൃത വിലയും നികുതികളും, പിഴയും, തറവാടകയും ഒടുക്കി തടികൾ നീക്കം ചെയ്യുന്നതിനുള്ള ലേലക്കാരന്റെ അപേക്ഷ പരിഗണിക്കാവുന്നതാണെന്ന് സതേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശ

ചെയ്തിട്ടുള്ളതിനാലും, ലേലക്കാരന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ബാക്കി വിലയും, നികുതികളും, നിയമാനുസൃത പിഴയും, തറവാടകയും ഈടാക്കിക്കൊണ്ട് ടിയാൻ ലേലം കൊണ്ടിട്ടുള്ള തടികൾ നീക്കം ചെയ്തുകൊണ്ടു പോകുന്നതിന് ആവശ്യമായ സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്) പരാമർശം പ്രകാരം അറിയിച്ചിരിക്കുന്നു.

സർക്കാർ , പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്)- ലഭ്യമാക്കിയ റിപ്പോർട്ട് വിശദമായി പരിശോധിച്ചു. പിസിസിഎഫിന്റെ ശിപാർശ പരിഗണിച്ച്, ലേല വ്യവസ്ഥകളെ സംബന്ധിച്ച് അപേക്ഷകന് പൂർണ്ണമായ അറിവ് ഇല്ലാതിരുന്നതിനാലും, കാലാവധി കഴിഞ്ഞത് മാപ്പാക്കി ബാക്കി തുകയും നികുതികളും, നിയമാനുസൃത പിഴയും, തറവാടകയും ഒടുക്കി തടികൾ നീക്കം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് ലേലക്കാരൻ അപേക്ഷിച്ചിട്ടുള്ള സാഹചര്യത്തിലും, ടി തടികൾ ഘനമരങ്ങൾ ആയതിനാൽ കാലപ്പഴക്കത്തിൽ കേടുപാടുകൾ സംഭവിക്കാൻ സാധ്യതയുള്ളതിനാലും, ടിയാൻ ലേലം കൊണ്ട തുക താരതമ്യേന മികച്ചതായതിനാലും പുനർലേലം ചെയ്താൽ ഇപ്പോൾ ലഭിച്ച വില ലഭിക്കാൻ സാധ്യതയില്ലാത്തതിനാലും, സർക്കാരിന് നഷ്ടം വരാതെ, ലേലക്കാരന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് ബാക്കി വിലയും, നികുതികളും, നിയമാനുസൃത പിഴയും, തറവാടകയും ഈടാക്കിക്കൊണ്ട് ലേലക്കാരൻ ലേലം കൊണ്ടിട്ടുള്ള തടികൾ നീക്കം ചെയ്തുകൊണ്ടു പോകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
T T SURESH
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെന്റ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ് തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (2412447/Agri-A2/69/2023-FIN dated 25/4/2023 പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 26-05-2023 17:17:10

സെക്ഷൻ ഓഫീസർ

പകർപ്പ്: - മുഖ്യമന്ത്രിയുടെ ഓഫീസിന് / വനം വന്യജീവി വകുപ്പ മന്ത്രിയുടെ ഓഫീസിന് /വനം വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി. എ. യ്ക്ക്.